(സി) എൻ. എം. ഈ. പി. അവസാനിക്കുമ്പോൾ അവരെ പിരിച്ചു വിടുമോ ;

(ഡി) ടി സർവ്വീസ് ലെൻസ് വക്കേഴ്സിനു് തുടർച്ചയായും സ്ഥിരമായും സക്കർ സർവ്വീസിൽ ജോലിനൽകുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ ?

ഉത്തരം.

(എ) 1,692.

(ബി) എൻ. എം. ഈ. പി. പ്രവർത്തനം തീരുന്നതുവരെ.

(സി, ഡി) അവരുടെ യോഗ്യതയ്ക്കനുസരിച്ചു് മറ്റു് ഡിപ്പാർട്ടുമെന്റുകളിലുണ്ടാകുന്ന ഒഴിവുകളിലും പൊതുജനാരോഗ്യത്തിൽ ഹ്രസ്വകാല പരിശീലനം നൽകി ആരോഗ്യവകുപ്പിൽതന്നെ ഉണ്ടാകുന്ന മറ്റു് ഒഴിവുകളിലും അവരെ നിവൃത്തിയുള്ളിടത്തോളം നിയമിക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണു്.

പ്രാക്റ്റിക്കൽ വക്കിനു പോകുന്ന മെഡിക്കൽവിദ്യാർത്ഥികൾക്കു് വാഹനസൗകര്യം.

14. [17] ശ്രീ. എം. വി. വാസു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ടു് മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ പ്രാക്റ്റിക്കൽ വക്കിനു കോളേജിൽനിന്നു വളരെ ദൂരെയുള്ള ബീച്ചിനടുത്തുള്ള ഹോസ്പിറ്റലിലേയ്ക്കാണോ പോകേണ്ടിയിരിക്കുന്നതു് ;

(ബി) മെഡിക്കൽ കോളേജിൽനിന്നു ഈ ആശുപത്രിക്കു് എത്ര ദൂരമുണ്ടു് ;

(സി) ദിവസേന എത്ര വിദ്യാർത്ഥികൾ എത്ര ഷിഫ്റ്റിലായി ഈ ആശുപത്രിയിൽ പോയിവരേണ്ടതുണ്ടു് ;

(ഡി) ഈ വിദ്യാർത്ഥികളുടെ പോക്കുവരവിനുതന്നെ ആവശ്യമായത്ര വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഈ) ഉടനേതന്നെ വേണ്ടത്ര വാഹനങ്ങൾ ഏർപ്പെടുത്താനും കാലതാമസം കൂടാതെ കോളേജിനോടനുബന്ധിച്ചുതന്നെ ആശുപത്രി കെട്ടിടം കെട്ടാനും വേണ്ട നടപടി എടുക്കുമോ ?

ഉത്തരം.

(എ) അതെ.

(ബി) 6 (ആറു്) മൈൽ.

(സി) അഞ്ചു ഷിഫ്റ്റിലായി ഈ ആശുപത്രിയിൽ പോയിവരേണ്ടതുണ്ടു്.

(ഡി) ഇല്ല. ഗവണ്മെൻറു് ഇതിലേയ്ക്കുവേണ്ടി രണ്ടു് ബസ്സു് അനുവദിച്ചിട്ടുണ്ടു്. യാത്രാസൗകര്യത്തിന്റെ പോരായ്മയെക്കുറിച്ചു് ഇതുവരെയായതൊരു പരാതികളും ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ഇപ്പോഴുള്ള ആവശ്യത്തിനു ഈ രണ്ടു ബസ്സുകളും മതിയാകുന്നതാണു്.

(ഈ) കൂടുതൽ വാഹനങ്ങൾ ഏർപ്പെടുത്തേണ്ട ആവശ്യമില്ല. കെട്ടിടം നിർമ്മാണം സംബന്ധിച്ചു് വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly